പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 171

# 2023-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2023

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 171

# 2023-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ

707/2023.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 171

# 2023-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ

2017-ലെ കേരള സംസ്ഥാന ചരക്കുസേവന നികുതി ആക്റ്റും

2023-ലെ കേരള ധനകാര്യ ആക്റ്റും വീണ്ടും

ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

**ബിൽ**

പീഠിക.—2017-ലെ കേരള സംസ്ഥാന ചരക്കുസേവന നികുതി ആക്റ്റും 2023-ലെ കേരള ധനകാര്യ ആക്റ്റും ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിനാലാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2023-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഈ ആക്റ്റിൽ മറ്റുവിധത്തിൽ വ്യവസ്ഥ ചെയ്ത പ്രകാരമൊഴികെ, വ്യവസ്ഥകൾ സർക്കാർ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. 2017-ലെ 20-ാം ആക്റ്റിന്റെ ഭേദഗതി.—2017-ലെ കേരള സംസ്ഥാന ചരക്കുസേവന നികുതി ആക്റ്റിൽ (2017-ലെ 20),—

(1) 30-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിൽ,—

(എ) "റദ്ദ് ചെയ്തുകൊണ്ടുള്ള ഉത്തരവ് നൽകിയ തീയതി മുതൽ മുപ്പത് ദിവസത്തിനുള്ളിൽ നിർണ്ണയിക്കപ്പെട്ട രീതിയിൽ" എന്ന വാക്കുകൾക്ക് പകരം "നിർണ്ണയിക്കപ്പെടാവുന്ന രീതിയിലും അപ്രകാരമുള്ള സമയത്തിനകവും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള നിബന്ധനകൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) ക്ലിപ്തനിബന്ധന വിട്ടുകളയേണ്ടതാണ്.

707/2023.

(2) 62-ാം വകുപ്പിൽ,—

(എ) (2)-ാം ഉപവകുപ്പിൽ "മുപ്പതു ദിവസത്തിനകം" എന്ന വാക്കുകൾക്ക് പകരം "അറുപത് ദിവസത്തിനകം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ, രജിസ്റ്റർ ചെയ്ത ഒരു വ്യക്തി (1)-ാം ഉപവകുപ്പിൻ കീഴിലുള്ള തിട്ടപ്പെടുത്തൽ ഉത്തരവ് ലഭിച്ച് അറുപത് ദിവസങ്ങൾക്കുള്ളിൽ സാധുവായ റിട്ടേൺ ഫയൽ ചെയ്യാത്ത പക്ഷം, അയാൾക്ക് അത് വീണ്ടും അറുപത് ദിവസങ്ങൾക്കകം പ്രസ്തുത തിട്ടപ്പെടുത്തൽ ഉത്തരവ് ലഭിച്ച് അറുപത് ദിവസങ്ങൾക്കപ്പുറമുള്ള ഓരോ ദിവസത്തെ കാലതാമസത്തിനും നൂറ് രൂപ അധിക ലേറ്റ് ഫീ അടച്ച് ഫയൽ ചെയ്യാവുന്നതും, അങ്ങനെ നീട്ടിയ കാലയളവിനുള്ളിൽ അയാൾ സാധുവായ റിട്ടേൺ ഫയൽ ചെയ്യുകയാണെങ്കിൽ അങ്ങനെയുള്ള തിട്ടപ്പെടുത്തൽ ഉത്തരവ് പിൻവലിച്ചതായി കരുതപ്പെടുന്നതും, എന്നാൽ 50-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിൻ കീഴിലുള്ള പലിശ അടയ്ക്കാനുള്ള ബാധ്യത അല്ലെങ്കിൽ 47-ാം വകുപ്പിൻ കീഴിലുള്ള ലേറ്റ് ഫീ അടയ്ക്കാനുള്ള ബാധ്യത തുടരുന്നതുമായിരിക്കും".

(3) 109-ാം വകുപ്പിനു പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"109. <u>അപ്പലേറ്റ് ട്രൈബ്യൂണലിന്റെയും അതിന്റെ ബെഞ്ചുകളുടെയും രൂപീകരണം</u>.— ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾക്കു വിധേയമായി, 2017-ലെ കേന്ദ്ര ചരക്കുസേവന നികുതി ആക്റ്റിൻ (2017-ലെ 12-ാം കേന്ദ്ര ആക്റ്റ്) കീഴിൽ രൂപീകരിക്കപ്പെട്ട ചരക്കുസേവന നികുതി അപ്പലേറ്റ് ട്രൈബ്യൂണൽ ആയിരിക്കും ഈ ആക്റ്റ് പ്രകാരമുള്ള അപ്പലേറ്റ് അതോറിറ്റിയോ അല്ലെങ്കിൽ റിവിഷണൽ അതോറിറ്റിയോ പാസ്സാക്കിയ ഉത്തരവുകൾക്ക് എതിരെയുള്ള അപ്പീലുകൾ കേൾക്കുവാനുള്ള അപ്പലേറ്റ് ട്രൈബ്യൂണൽ".

(4) 110-ാം വകുപ്പ് വിട്ടുകളയേണ്ടതാണ്;

(5) 114-ാം വകുപ്പ് വിട്ടുകളയേണ്ടതാണ്;

(6) 117-ാം വകുപ്പിൽ,—

(എ) (1)-ാം ഉപവകുപ്പിൽ, "സ്റ്റേറ്റ് ബഞ്ചോ മേഖലാ ബഞ്ചുകളോ" എന്ന വാക്കുകൾക്ക് പകരം "സ്റ്റേറ്റ് ബഞ്ചുകൾ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) (5)-ാം ഉപവകുപ്പിൽ, (എ) ഖണ്ഡത്തിലും (ബി) ഖണ്ഡത്തിലും "സ്റ്റേറ്റ് ബഞ്ചോ മേഖലാ ബഞ്ചുകളോ" എന്ന വാക്കുകൾക്ക് പകരം "സ്റ്റേറ്റ് ബഞ്ചുകൾ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(7) 118-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിൽ,—

(എ) ഖണ്ഡത്തിൽ, "ദേശിയ ബഞ്ചോ പ്രാദേശിക ബെഞ്ചോ" എന്ന വാക്കുകൾക്ക് പകരം "പ്രിൻസിപ്പൽ ബെഞ്ച്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(8) 119-ാം വകുപ്പിൽ,—

(എ) ഖണ്ഡത്തിൽ, "ദേശിയ ബഞ്ചോ മേഖലാ ബെഞ്ചോ" എന്ന വാക്കുകൾക്ക് പകരം "പ്രിൻസിപ്പൽ ബെഞ്ച്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) "സ്റ്റേറ്റ് ബഞ്ചോ മേഖലാ ബഞ്ചുകളോ" എന്ന വാക്കുകൾക്ക് പകരം "സ്റ്റേറ്റ് ബഞ്ചുകൾ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

3. 2023-ലെ 17-ാം ആക്റ്റിന്റെ ഭേദഗതി.—2023-ലെ കേരള ധനകാര്യ ആക്റ്റിൽ (2023-ലെ 17), 11-ാം വകുപ്പിൽ, (4)-ാം ഉപവകുപ്പിൽ, "22-ാം വകുപ്പിലും 24-ാം വകുപ്പിലും" എന്ന വാക്കുകൾക്ക് പകരം "22-ാം വകുപ്പിലോ അല്ലെങ്കിൽ 24-ാം വകുപ്പിലോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

4. റദ്ദാക്കലും ഒഴിവാക്കലും.—(1) 2023-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ഓർഡിനൻസ് (2023-ലെ 2) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട മേൽപ്പറഞ്ഞ ആക്റ്റുകളുടെ കീഴിൽ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ, ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട മേൽപ്പറഞ്ഞ ആക്റ്റുകളുടെ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

ചരക്കുകളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ അന്തർ-സംസ്ഥാന വിതരണത്തിൽ നികുതി ചുമത്തുന്നതിനും പിരിച്ചെടുക്കുന്നതിനും ഒരു വ്യവസ്ഥ ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെയാണ് 2017-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി ആക്റ്റ് (2017-ലെ 20) എന്ന നിയമമുണ്ടാക്കിയത്.

2. ജി.എസ്.ടി. കൗൺസിലിന്റെ 49-ാമത് യോഗത്തിൽ ഗുഡ്സ് ആന്റ് സർവ്വീസസ് ടാക്സ് അപ്പലേറ്റ് ട്രിബ്യൂണൽ (ജിസ്റ്റാറ്റ്) സ്ഥാപിക്കുവാനായി കേന്ദ്ര ചരക്കുസേവന നികുതി നിയമം 2023-ലെ കേന്ദ്ര ധനകാര്യ ആക്റ്റ് മുഖാന്തരം ഭേദഗതി ചെയ്തു. ഗുഡ്സ് ആന്റ് സർവ്വീസസ് ടാക്സ് അപ്പലേറ്റ് ട്രിബ്യൂണൽ ബെഞ്ചുകൾ എത്രയും വേഗം പ്രവർത്തനക്ഷമമാക്കുവാൻ വേണ്ടി പ്രസ്തുത ഭേദഗതി കേരള സംസ്ഥാന ചരക്കുസേവന നികുതി ആക്റ്റിൽ കൂടി ഉൾപ്പെടുത്തുവാൻ ആവശ്യപ്പെട്ടിട്ടുള്ളതാണ്.

3. 2023-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ മറ്റുള്ളവയ്ക്കൊപ്പം, താഴെപ്പറയുന്നവ,— അതായത്:—

(i) 2017-ലെ കേരള സംസ്ഥാന ചരക്കുസേവന നികുതി ആക്റ്റിലെ (2017-ലെ 20) 30, 62, 109, 117, 118, 119 എന്നീ വകുപ്പുകൾ ഭേദഗതി ചെയ്യുവാനും 110, 114 എന്നീ വകുപ്പുകൾ വിട്ടുകളയുന്നതിനും;

(ii) 2023-ലെ കേരള ധനകാര്യ ആക്റ്റിലെ ( 2023-ലെ 17) 11-ാം വകുപ്പ് ഭേദഗതി ചെയ്യുവാനും;

വ്യവസ്ഥ ചെയ്യുന്നു.

4. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2023-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ഓർഡിനൻസ് 2023 ജൂലൈ 21-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2023 ജൂലൈ 22-ാം തീയതിയിലെ 2438-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2023-ലെ 2-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

5. 2023-ലെ 2-ാം നമ്പർ ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 2-ാം ഖണ്ഡപ്രകാരം 2017-ലെ കേരള സംസ്ഥാന ചരക്കുസേവന നികുതി ആക്റ്റിലെ 30-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്ന ഭേദഗതി രജിസ്ട്രേഷൻ റദ്ദുചെയ്തത് പിൻവലിക്കുവാനുള്ള സമയവും നിബന്ധനകളും നിയന്ത്രണങ്ങളും നിർണ്ണയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

2. ഏതു കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അല്ലെങ്കിൽ വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കാവുന്നത് അവ നടപടിക്രമങ്ങൾ സംബന്ധിച്ചവയും സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയതുമാകുന്നു. കൂടാതെ, ചട്ടങ്ങൾ ഉണ്ടാക്കിയതിനുശേഷം അവ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം, അതിനാൽ, സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

കെ. എൻ. ബാലഗോപാൽ.

(ശരിത്തർജ്ജമ)